പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 44

27.02.2018 - ൽ മറുപടിക്ക്.

## വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ പദ്ധതി

ചോദ്യം

ശ്രീ. അബ്ദുൽ ഹമീദ് പി.
ഡോ. എം. കെ. മുനീർ,
ശ്രീ. പി. കെ. അബ്ദു റബ്ബ്,
ശ്രീ. കെ. എം. ഷാജി.

മറുപടി

ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) വ്യവസായത്തിനെന്ന പേരിൽ ഏറ്റെടുത്തിട്ട് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരം വ്യവസായ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി പ്രത്യേക സംവിധാനം രൂപീകരിക്കാൻ ഉദ്ദേശ്യമുണ്ടോ ; വിശദാംശം നൽകുമോ ?

(എ), (ബി) & (സി)

വ്യവസായ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് കിൻഫ്ര, കെ.എസ്.ഐ.ഡി.സി, സിഡ്കോ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തുടങ്ങിയ ഏജൻസികളാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള 2443.53 ഏക്കറിൽ 153.7 ഏക്കർ ഭൂമി സംരംഭകർക്കായി അനുവദിച്ച് നൽകുവാനുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

സിഡ്കോയുടെ കീഴിൽ വ്യവസായത്തിനെന്ന പേരിൽ ഏറ്റെടുത്തിട്ട് ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഇല്ല.

കിൻഫ്ര ഏറ്റെടുത്തിട്ടുള്ള 2753.44 ഏക്കർ ഭൂമിയിൽ 269.49 ഏക്കർ ഭൂമി അലോട്ട് ചെയ്യുന്നതിന് ബാക്കിയുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വ്യാവസായിക പാർക്കുകൾ സ്ഥാപിക്കുന്നതടക്കമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുത്തിട്ടുള്ള 1294.05 ഏക്കർ ഭൂമിയിൽ 559.33 ഏക്കർ ഭൂമിയാണ് ഇനിയും അനുവദിച്ചുനൽകുവാനുള്ളത്. ആയതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ.

കെ/22/02